




**ജനങ്ങളെ പൗരസമൂഹമായി കാണുവാനും ജനാധിപത്യപരവും വികേന്ദ്രീകൃതവും സുതാര്യവുമായ പ്രവർത്തന സംസ്കാരം സൃഷ്ടിക്കാനും ഗാന്ധിയൻ പ്രസ്ഥാനങ്ങൾക്ക് കഴിയണമെന്ന് മാരാരിക്കുളം ഗാന്ധി സ്മാരക ഗ്രാമസേവാ കേന്ദ്രം സെക്രട്ടറി**

**കെ.ജി. ജഗദീശൻ**

# ഗാന്ധിയൻ ബദലുകൾ ജനങ്ങളിലേക്കെത്തണം

**കേരളത്തിലെ ഗാന്ധിയൻ പ്രസ്ഥാനങ്ങൾ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം എന്താണ്. പ്രസ്ഥാനത്തിന്റെ ഇന്നത്തെ അവസ്ഥയെക്കുറിച്ചുള്ള പൊതുവായ അഭിപ്രായം എന്താണ് ?**

കേരളത്തിലെ ഗാന്ധിയൻ പ്രസ്ഥാനങ്ങൾ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം തീരെ കുറവാണെന്ന് പറയാം. ദേശീയ സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ മലബാറിൽ ഉണ്ടായിരുന്ന സ്വാധീനം കൊച്ചിയിലേയ്ക്കും തിരുവിതാംകൂറിലേയ്ക്കും വരുമ്പോൾ കുറവായിരുന്നു. സ്വാതന്ത്ര്യാനന്തര കേരളത്തിൽ ഖാദിഗ്രാമവ്യവസായ പ്രചാരണപ്രവർത്തന രംഗത്ത് തീവ്രമായി സാന്നിദ്ധ്യം തെളിയിച്ച ഗാന്ധിയൻസംഘടനകൾ– കേരളാഗാന്ധിസ്മാരക നിധി, കേരള സർവ്വോദയസംഘവുമാണ്. ഭൂദാനപ്രസ്ഥാനം, ഹരിജൻ സേവാ സംഘം ഇവയുടെ പ്രവർത്തനങ്ങൾ എഴുപതുകളിൽവരെ കേരളീയ സമൂഹത്തിൽ സാന്നിദ്ധ്യമറിയിച്ചിട്ടുണ്ട്.

സർവ്വോദയമണ്ഡലത്തിന്റെ പ്രവർത്തനങ്ങൾ എൺപതുകൾക്കുശേഷം തീരെ ദുർബ്ബലമാണെന്നുതന്നെ പറയാം. രാഷ്ട്രഭാഷാ പ്രചരണരംഗത്ത് തൊണ്ണൂറുകൾവരെ നിറഞ്ഞ സാന്നിദ്ധ്യമായിരുന്നു ദക്ഷിണ ഭാരത് ഹിന്ദി പ്രചാരസഭ. ഗാന്ധിയൻ സമരപാരമ്പര്യങ്ങളെ ഉൾക്കൊള്ളുന്ന ഒരു സംഘടന എന്നനിലയിൽ മദ്യനിരോധന സമിതി കേരളീയ സമൂഹത്തിനുണ്ടാക്കിയ സ്വാധീനം തികച്ചും വ്യത്യസ്തമാണ്. സംഘടന ദുർബ്ബലപ്പെട്ടിട്ടും എന്നും മദ്യത്തിനെതിരെയുള്ള ചെറുത്തുനില്പ് പ്രാദേശിക സമൂഹങ്ങളിൽ ശക്തമായി ഇന്നും കാണുന്നു. കേരളത്തിൽ അങ്ങോളമിങ്ങോളം കാണുന്ന മദ്യവിരുദ്ധ ജനകീയ സമരങ്ങൾ ഗാന്ധിയൻ സംഘടനകളുടെ പ്രകടമായ സ്വാധീനമാണെന്നുപറയാം.

ഗ്രാമസ്വരാജ് യാഥാർത്ഥ്യമാക്കുവാൻ പങ്കജാക്ഷക്കുറുപ്പ് സാർ നടത്തിയ അയൽക്കൂട്ട പരീക്ഷണങ്ങളും അതിന്റെ വികാസവും ഗാന്ധിയൻ ചിന്തകളുടെ സ്വാധീനം തന്നെയാണ്. സസ്യാഹാര പ്രസ്ഥാനം കേരളത്തിൽ വളർന്നുവരുന്നത് ഗാന്ധിയൻ ചിന്തകളുടെയും പ്രവർത്തനങ്ങളുടെയും സ്വാധീനം തന്നെയാണ്. താരതമ്യേന ദുർബ്ബലമാണെങ്കിലും അങ്ങിങ്ങായി പച്ചപിടിച്ചു നില്കുന്ന പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ അന്തർധാരയും ഗാന്ധിയൻ ചിന്തകളുടെ സ്വാധീനമാണ്. ഇങ്ങനെയൊക്കെയാണെങ്കിലും കേരളത്തിലെ ഗാന്ധിയൻ സംഘടനകൾ പലതും നിഷ്ക്രിയമാണ്. പ്രവർത്തിക്കുന്നു എന്ന് അവകാശപ്പെടുന്നവപോലും മുരടിപ്പിലാണെന്നു പറയാം. ഗാന്ധിയൻപ്രവർത്ത

നശൈലിയിലെ ഏറ്റവും സമ്പന്നമായിരിക്കേണ്ട ജനാധിപത്യസംസ്കാരത്തിന്റെ പരിമിതിയും, ആത്മനിഷ്ഠമായി മാത്രം കാര്യങ്ങളെ നോക്കിക്കാണുന്ന നേതൃത്വവും മലയാളിയുടെ മാറിവരുന്ന സാമൂഹിക സാഹചര്യങ്ങളെ വിലയിരുത്തുവാനും വിശകലനം ചെയ്യുവാനും പരിശ്രമിക്കാതെ സ്വാർത്ഥ താല്പര്യങ്ങൾക്കുവേണ്ടി നിലപാടെടുക്കുകയോ കുറ്റകരമായ നിശബ്ദത പാലിക്കുകയോ ചെയ്യുന്ന സമീപനവും ഗാന്ധിയൻ പ്രസ്ഥാനങ്ങളെ ദുർബ്ബലപ്പെടുത്തുന്നതിനുള്ള കാരണങ്ങളാണ്.

**കേരളത്തിൽ ഗാന്ധിയൻ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങളിൽ ഏറ്റവും സജീവമായി പ്രവർത്തിക്കുന്ന ഒന്നിന്റെ സെക്രട്ടറി എന്ന നിലയിൽ മറ്റ് സംഘടനകളിലെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകാൻ എന്ത് നിർദ്ദേശങ്ങളാണ് മുന്നോട്ടുവയ്ക്കാനുള്ളത്?**

വിശക്കുന്ന മനുഷ്യന്റെ മുന്നിൽ അപ്പത്തിന്റെ രൂപത്തിലേ ഈശ്വരൻ പ്രത്യക്ഷപ്പെടൂ എന്ന വചനം മനസ്സിലാക്കി, മലയാളിയുടെ വർത്തമാനകാല സാഹചര്യങ്ങളെ വസ്തുതാപരമായി വിലയിരുത്തുകയും ഗാന്ധിയൻ കാഴ്ചപ്പാടിലൂടെ വിശകലനം ചെയ്യുകയും പരിഹാരം തേടുകയും ചെയ്യുന്ന ഒരു സമീപനരീതി വികസിപ്പിച്ചെടുക്കണം. ജനങ്ങൾ നിസ്സഹകരിക്കുമ്പോൾ നമ്മൾ മാത്രം ശരിയെന്നും കുഴപ്പം ജനങ്ങളുടേതുമാണെന്നു വിലയിരുത്താതെ നിലപാടുകളുടെ കാര്യത്തിൽ, ആശയവിനിമയത്തിന്റെ കാര്യത്തിൽ പ്രായോഗിക പ്രവർത്തന രൂപത്തിന്റെയും രീതിയുടെയും പരിമതികളും പോരായ്മകളും കണ്ടുപിടിക്കാൻ പരിശ്രമിക്കണം.

ജാതിക്കും മതത്തിനും പാർട്ടിക്കും വർഗ്ഗവർണ്ണ വ്യത്യാസങ്ങൾക്കും അതീതമായി ജനങ്ങളെ പൗരസമൂഹമായി കാണുവാനും ജനാധിപത്യപരവും വികേന്ദ്രീകൃതവും സുതാര്യവുമായ ഒരു പ്രവർത്തന സംസ്കാരത്തിൽ ഊന്നാനും കഴിയണം. ജനങ്ങളുടെ ദൈനംദിന ജീവിതത്തെ അഭിസംബോധന ചെയ്യുവാൻ പ്രാപ്തമല്ലാത്ത ഒരു സംഘടനാ സംവിധാനവും ദീർഘകാലം നിലനില്കുകയില്ല എന്ന സത്യം മനസ്സിലാക്കുക. ജനങ്ങളാണ് വിധികർത്താക്കൾ എന്ന് വിനയപൂർവ്വം ഓർക്കുക.

**സ്വയം സഹായ സംഘങ്ങൾ വഴിയുള്ള ജനസംഘാടനത്തിന്റെ നേട്ടകോട്ടങ്ങളെപ്പറ്റി വിശദീകരിക്കാമോ?**


നാളിതുവരെയുള്ള മനുഷ്യന്റെ വളർച്ചയുടെയും വികാസത്തിന്റെയും ചരിത്രത്തിൽ നിരവധിയായ സംഘടനാരൂപങ്ങളിലൂടെ മനുഷ്യൻ കടന്നുപോയിട്ടുണ്ട്. ഓരോ കാലഘട്ടത്തിലും സവിശേഷമായ സാഹചര്യത്തിലും മനുഷ്യൻ രൂപപ്പെടുത്തിയെടുത്ത ഈ സംഘടനാരൂപങ്ങളുടെ പ്രസക്തിയും പ്രാധാന്യവും തള്ളിക്കളയാനാവില്ല. എങ്കിലും, അവയ്ക്കൊക്കെ അതിന്റേതായ പരിമിതികളുമുണ്ട്. ഈ പരിമതികളെ മറികടക്കുവാൻ, സാർവ്വദേശീയമായി ചിന്തിക്കുകയും പ്രാദേശികമായി അതിജീവനത്തിന് വ്യക്തിയെ-കുടുംബത്തെ പ്രാപ്തമാക്കുകയും ചെയ്യുന്നതും, ജനാധിപത്യപരവും വികേന്ദ്രീകൃതവും സുതാര്യവുമായി പ്രവർത്തിക്കുന്ന സൂക്ഷ്മതല സംഘടനയാണ് സ്വയംസഹായ സംഘങ്ങൾ അഥവാ അയൽക്കൂട്ടം. ജാതി, മത, പാർട്ടി-വർഗ്ഗ, വർണ്ണ വ്യത്യാസങ്ങൾക്കപ്പുറം സിവിൽ സമൂഹമായി സ്വയം പരിവർത്തനപ്പെടുവാൻ ജനങ്ങളെ പ്രാപ്തമാക്കുന്ന മനുഷ്യത്വകേന്ദ്രീകൃതമായ സവിശേഷമായ ഒരു സംഘടനാ സംസ്കാരം. ബാഹ്യമായ ഇടപെടലുകൾ ഇല്ലാതെ അയൽപക്കക്കാരുടെ ഇഷ്ടത്തിനും ഇച്ഛയ്ക്കും അനുസ്ഥിച്ച് പ്രവർത്തിക്കുവാൻ കഴിയുന്ന ഈ സംഘവ്യവസ്ഥയുടെ പ്രവർത്തനം സമൂഹത്തിനുവേണ്ടിയാണ്. പ്രവർത്തനഫലത്തിൽ നിന്നും തനിക്കാവശ്യമുള്ളത് സ്വീകരിക്കുന്ന പരാർത്ഥ-സ്വാർത്ഥ സമ്പദ് വ്യവസ്ഥയിൽ നിന്നും സാവധാനം മനുഷ്യനെ സ്വാർത്ഥത വിസ്മരിച്ച് മറ്റുള്ളവർക്കായി ചെയ്യുന്ന പ്രവർത്തനങ്ങളിലേയ്ക്ക് – സേവനവ്യവസ്ഥയിലേയ്ക്ക് മാറ്റി തീർക്കുവാൻ പര്യാപ്തമാണ് സ്വയംസഹായ സംഘങ്ങൾ അഥവാ അയൽക്കൂട്ടങ്ങൾ.

നിർഭാഗ്യവശാൽ മഹത്തായ ലക്ഷ്യങ്ങൾ നേടാൻ പ്രാപ്തിയുള്ള ഈ സവിശേഷ സംഘടനാരൂപത്തെ ജനങ്ങൾക്ക് വിട്ടുകൊടുക്കാതെ, ജനങ്ങൾ നിരാകരിച്ചുകൊണ്ടിരിക്കുന്ന തങ്ങളുടെ സംഘടനാസംവിധാനങ്ങളെ ശക്തിപ്പെടുത്തുവാൻ ഈ മാതൃകയെ നിർലജ്ജം ഉപയോഗിക്കുന്ന കാഴ്ചയാണ് ഇന്ന് കേരളത്തിൽ കാണുന്നത്. തെറ്റായ വിനിയോഗം കൊണ്ട് ജനങ്ങൾക്കിടയിൽ വിഭാഗീയതകൾ കൂടുതൽ ശക്തമാവുകയും സ്വാശ്രയത്വത്തിനു പകരം ആശ്രിതത്വം ശക്തമാവുകയും ഉപഭോഗതൃഷ്ണയിലേയ്ക്ക്, കടക്കെണിയിലേയ്ക്ക് കുടുംബങ്ങൾ നീങ്ങുകയും ചെയ്യുന്നു.

**സ്വയം സഹായ സംഘങ്ങൾ ഒരു ഗാന്ധിയൻ സ്വാശ്രയ സങ്കൽപ്പത്തിലേയ്ക്കും അടിത്തട്ടിലെ ജനങ്ങളുടെ രാഷ്ട്രീയ ശാക്തീകരണത്തിലേയ്ക്കും വികസിക്കുന്നുണ്ടോ?**

കുറേ ആളുകൾക്ക് അധികാരം കയ്യാളാൻ അവസരം ലഭിക്കുമ്പോഴല്ല, ലഭിച്ച അധികാരം തെറ്റായി വിനിയോഗിക്കുന്നതിനെ ചോദ്യം ചെയ്യുന്നതിന് ജനങ്ങൾ ശക്തിസംഭരിക്കുമ്പോഴാണ് സ്വരാജ്യം കരഗതമാവുന്നത് എന്നാണ് ഗാന്ധിജി നമ്മെ പഠിപ്പിക്കാൻ ശ്രമിച്ചത്. ശാക്തീകരിക്കപ്പെട്ട ജനതയ്ക്കുമാത്രമേ സ്വരാജ്യം കരഗതമാവൂ. ജനങ്ങളുടെ ശാക്തീകരണത്തിന് തടസ്സമായി നില്കുന്നത് വിഭാഗീയതകളാണ്. ജാതിയുടെ, മതത്തിന്റെ, പാർട്ടിയുടെ, പണത്തിന്റെ, വർഗ്ഗത്തിന്റെ, വർണ്ണത്തിന്റെയൊക്കെ വിഭാഗീയതകൾ. ഇവയെങ്ങനെ ഒഴിവാക്കാനാകും? ഇവയെ ഒഴിവാക്കണമെങ്കിൽ പുതിയ സംഘടനാ അനുഭവങ്ങളിലേയ്ക്ക് ശീലങ്ങളിലേയ്ക്ക് അവൻ നടന്നുകയറണം.

പൂർവ്വസൂരിയായ ക്രിസ്തുദേവൻ രണ്ടായിരം വർഷങ്ങൾക്കപ്പുറം നമ്മോടുപറഞ്ഞു, നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കാൻ. ഇഹലോകവാസം കഴിഞ്ഞ് പരലോകത്ത് തന്നോടൊപ്പം കഴിയണമെങ്കിൽ അയൽവാസി പട്ടിണികിടക്കരുതെന്ന് പരമകാരുണികനായ അള്ളാഹു പറഞ്ഞു. മലയാളിയുടെ ആത്മീയഗുരു ശ്രീനാരായണൻ പറഞ്ഞു, അയലുതഴപ്പതിനായ് അതിപ്രയത്നം നയമറിയും നരനാചരിച്ചിടേണമെന്ന്. പൂർവ്വസൂരികളുടെ പട്ടികയിൽ ഇങ്ങേ തലയ്ക്കൽ നില്ക്കുന്ന മഹാത്മാഗാന്ധിയുടെ സ്വപ്നം ഗ്രാമസ്വരാജ് ആയിരുന്നു. സ്വരാജിലേയ്ക്കുള്ള വഴി സ്വദേശിയുടേതായിരുന്നു. ഗാന്ധിജിയുടെ സ്വദേശി അയൽക്കാരനു സമർപ്പിക്കപ്പെട്ട സേവനം മാത്രമാണ്. ഈ വരികളിൽ



**ഉപഭോഗ സംസ്ഥാനമായ കേരളത്തിന്റെ ഉത്പാദന – വിപണന സംവിധാനങ്ങളെ സ്വാധീനിക്കുവാനോ മാറ്റിത്തീർക്കുവാനോ അയൽക്കൂട്ടങ്ങൾക്ക് കഴിഞ്ഞിട്ടില്ല. കൃഷിക്കും കാർഷിക അനുബന്ധപ്രവർത്തനങ്ങൾക്കുമുള്ള സാമൂഹിക അംഗീകാരവും പ്രാധാന്യവും വർദ്ധിപ്പിക്കുവാൻ അയൽക്കൂട്ടങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും അവയുടെ അതിജീവനത്തിന്റെ സാധ്യത എത്രമാത്രമെന്ന് പറയാനാവില്ല**

മനുഷ്യന്റെ മോചനം കാംക്ഷിച്ച പൂർവ്വസൂരികളുടെ ചിന്തകളിലെ നൈരന്ത്ര്യം നമുക്കുകാണാൻ കഴിയും. ഈ കാഴ്ചകൾ നല്കിയ അനുഭവങ്ങളിൽ നിന്നാണ് അമ്പലപ്പുഴ, കഞ്ഞിപ്പാടത്തെ ഡി. പങ്കജാക്ഷൻ അയൽക്കൂട്ടമെന്ന മഹത്തായ ആശയം വികസിപ്പിച്ചത്; സംഘടനയെ രൂപപ്പെടുത്തിയത്.

കേന്ദ്രീകൃത വ്യാവസായിക നാഗരികത വികസിപ്പിച്ച ആർത്തി നിറഞ്ഞ ഉപഭോഗ സംസ്കാരത്തിന്റെ നീരാളിപ്പിടുത്തത്തിൽപ്പെട്ടുപോയ മലയാളിസമൂഹം, ഏതൊരാശയത്തെയുംപോലെ അയൽക്കൂട്ടത്തെയും ഉപരിതലത്തിൽ മനസ്സിലാക്കുകയും വിപണിക്കു പ്രയോജനകരമായ നിലയിൽ അതിനെ പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്. ഇതിനെ മറികടക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ നമുക്കുമുന്നേറാൻ സാധിക്കൂ.

**പേരിൽ ഗാന്ധിയൻ ലേബലില്ലാത്ത നിരവധി എൻ.ജി.ഒകളും സമുദായസംഘടനകളുമൊക്കെ സ്വയം സഹായ സംഘങ്ങൾ വഴിയുള്ള പല പരിപാടികളും കേരളത്തിൽ നടക്കുന്നുണ്ട്. എന്താണ് അവയും നിങ്ങളുടെ പ്രവർത്തന പരിപാടികളും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസം?**

നമ്മുടേതുപോലുള്ള ഒരു സമൂഹത്തിൽ ജനാധിപത്യവത്കരണ പ്രക്രിയയെ മുന്നോട്ടു നയിക്കുന്നതിന്, വികസനത്തിന്റെ നൈരന്ത്ര്യം ഉറപ്പാക്കുന്നതിന് തടസ്സം നില്കുന്നത് വിഭാഗീയതകളാണ്. ഇത്തരം വിഭാഗീതയകളെ ഇല്ലാതാക്കുവാൻ വേണ്ടിയുള്ള തീവ്രമായ പരിശ്രമങ്ങളാണ് മലയാളിയുടെ സാമൂഹ്യനവോത്ഥാന ചരിത്രത്തിൽ നമ്മൾ കാണുന്നത്. എന്നാൽ, ആശയങ്ങൾ പ്രസ്ഥാനങ്ങളെ സൃഷ്ടിക്കുകയും ഒടുവിൽ പ്രസ്ഥാനങ്ങൾ ആശയങ്ങളെത്തന്നെ ഇല്ലാതാക്കുകയും ചെയ്യുന്ന ചരിത്രത്തിന്റെ ദുര്യോഗത്തിലൂടെ കടന്നുപോകുന്ന വർത്തമാനകാല കേരളത്തിലെ പല സംഘടനകളിൽ നിന്നും ജനങ്ങൾ ഒഴിഞ്ഞുമാറുകയാണ്. ഇത്തരം സംഘടനാ സംവിധാനങ്ങളെ ശക്തമാക്കുവാൻ ജനങ്ങളെ വീണ്ടും ആശ്രിതരാക്കി നിലനിർത്തുവാൻ, ജനങ്ങൾ ഇഷ്ടപ്പെടുന്ന പുരോഗമനപരമായ ഈ സംവിധാനത്തെ (സ്വയംസഹായസംഘങ്ങൾ അഥവാ അയൽക്കൂട്ടങ്ങൾ) ഉപയോഗിക്കുന്നു. എന്നാൽ, ജനങ്ങളുടെ ഇടയിൽ നിലിനില്കുന്ന വിഭാഗീയതകളെ മറികടന്ന് ഒരു നവസമൂഹമായി മാറുവാൻ, സുസ്ഥിരവും സ്വാശ്രയവുമായ വികസനം തങ്ങളുടെ ഇഷ്ടത്തിനും ഇച്ഛയ്ക്കും അനുസരിച്ച് രൂപപ്പെടുത്തുവാൻ ജനങ്ങളെ പ്രാപ്തരാക്കുവാൻ വേണ്ടിയാണ് ഞങ്ങൾ ഈ മാതൃകയെ ഉപയോഗിക്കുവാൻ ശ്രമിക്കുന്നത്. രക്തബന്ധത്തെ അടിസ്ഥാനമാക്കിയുള്ള പഴയ സാമൂഹ്യക്രമത്തിലെ കൂട്ടുകുടുംബത്തിന് ബദലായി ആധുനിക ജനാധിപത്യസമൂഹത്തിൽ അഥവാ സിവിൽ സമൂഹത്തിൽ അയൽപക്കങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള പുതിയ അയൽക്കൂട്ടങ്ങൾ രൂപപ്പെടുത്തുവാൻ ഞങ്ങൾ പരിശ്രമിക്കുന്നു. മക്കത്തായമാണോ മരുമക്കത്തായമാണോ ശരി എന്ന ശിഷ്യന്റെ ചോദ്യത്തിനുള്ള ശ്രീനാരയണഗുരുവിന്റെ മറുപടി രണ്ടുമല്ല, അയൽപക്കത്തായമാണ് ശരി എന്നായിരുന്നു.

**ഒരു സ്ഥാപനം കേന്ദ്രീകരിച്ച് ഗാന്ധിയൻ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് മൊത്തത്തിലുള്ള ഗാന്ധിയൻ പ്രസ്ഥാനത്തെ എത്രമാത്രം ജനങ്ങളുമായി ബന്ധപ്പെടുത്താൻ ഉപകരിക്കുന്നുണ്ട്?**

ഗാന്ധിയൻ നിർമ്മാണപ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഏതൊരുസ്ഥാപനത്തിന്റെയും പ്രവർത്തനവിജയം ജനങ്ങളുടെ സ്വീകാര്യതയാണ്. ജനങ്ങൾ നമ്മളെ അറിയുവാൻ, സഹകരിക്കുവാൻ തുടങ്ങുമ്പോൾ ആശയങ്ങളുടെ പൂർണ്ണരൂപത്തിലുള്ള സംവാദം സാധ്യമാകുന്നു. വ്യത്യസ്ത ഗാന്ധിമാർഗ്ഗ സംഘടനകളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും അവയുടെ പ്രവർത്തനങ്ങളുടെ ഏകോപനത്തിനും സാധ്യതയേറുന്നു.

**സ്വയം സഹായ സംഘങ്ങൾ വഴി ജനങ്ങളിൽ എത്തിക്കുന്ന വായ്പകളും മറ്റും വികേന്ദ്രികൃത**

**വും ചെറുകിടവുമായ ഒരു ഉല്പാദന വിതരണ ഉപഭോഗ സംവിധാനം അടിത്തട്ടിൽ വികസിക്കുന്നതിന് ഏതെങ്ങിലും വിധത്തിൽ സഹായകരമാകുന്നുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?**

കായികാധ്വാനത്തിന്റെ പ്രാധാന്യം പലകാരണങ്ങളാൽ, കയ്യൊഴിഞ്ഞ നമ്മുടേതുപോലുള്ള സമൂഹത്തിൽ ഇപ്പോൾ കായികാധ്വാനത്തിന് ആളുകളെ കിട്ടാതെവരുന്നുണ്ട്. അതുകൊണ്ടുതന്നെ, കൃഷിയും പരമ്പരാഗത വ്യവസായവും തകർച്ചയിലാണ്. മനുഷ്യധ്വാനത്തിന് പകരം വയ്ക്കുവാൻ കഴിയുന്ന അനുയോജ്യസാങ്കേതിക വിദ്യയുടെ അഭാവവും ഈ അവസ്ഥയെ കൂടുതൽ പരിതാപകരമാക്കിയിട്ടുണ്ട്. ഉപഭോഗ സംസ്ഥാനമായ കേരളത്തിന്റെ ഉത്പാദന–വിപണന സംവിധാനങ്ങളെ സ്വാധീനിക്കുവാനോ മാറ്റിത്തീർക്കുവാനോ അയൽക്കൂട്ടങ്ങൾക്ക് കഴിഞ്ഞിട്ടില്ല. കൃഷിക്കും കാർഷിക അനുബന്ധപ്രവർത്തനങ്ങൾക്കും ഉള്ള സാമൂഹിക അംഗീകാരവും പ്രാധാന്യവും വർദ്ധിപ്പിക്കുവാൻ അയൽക്കൂട്ടങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും, അവിടെയും ഇവിടെയുമായി ചില പച്ചപ്പുകൾ കാണാമെങ്കിലും വർത്തമാനകാല കേരളത്തിൽ അവയുടെ അതിജീവനത്തിന്റെ സാധ്യത എത്രമാത്രമെന്ന് പറയാൻ കഴിയില്ല. കേന്ദ്രീകൃത വ്യാവസായിക നാഗരികതയുടെ ഉല്പാദന–വിതരണ രീതികളെ നിരാകരിക്കുന്നതും, വികേന്ദ്രീകൃത ഉല്പാദന–വിതരണ രീതികളുടെ പ്രാധാന്യം ഉൾക്കൊള്ളുന്നതുമായ നവസമൂഹിക രാഷ്ട്രീയത്തിന്റെ അഭാവമാണ് ഇതിന്റെ കാരണം.

**ഗാന്ധിസ്മാരക നിധിയുടെ തന്നെ സജീവമല്ലാത്ത ഏതെങ്കിലും കേന്ദ്രം സജീവമാക്കാൻ ശ്രമിക്കുമ്പോൾ താങ്കളുടെ കേന്ദ്രത്തിന്റെ ഏതൊക്കെ പ്രവർത്തനങ്ങളാവും ഒരു മാതൃക എന്ന നിലയിൽ മുന്നോട്ടു വയ്ക്കുക?**

പ്രാദേശിക ഇടപെടലുകളുടെ മേഖലകൾ, രീതികൾ ഇവ നിർണ്ണയിക്കുവാൻ ഞങ്ങൾ ആർജ്ജിച്ചഅനുഭവങ്ങൾ പങ്കുവയ്ക്കാനും പ്രാദേശിക പ്രവർത്തനത്തിന് ജനങ്ങളെ സജ്ജരാക്കുവാൻ വേണ്ട മനുഷ്യവിഭവശേഷി രൂപപ്പെടുത്തുന്നതിനും സഹായിക്കുവാൻ കഴിയും.

**ഗാന്ധി ദർശനങ്ങളിൽ നിന്ന് ഏറെ അകന്നു പോയിക്കൊണ്ടിക്കുന്ന സർക്കാറിനെയും സർക്കാർ സംവിധാനങ്ങളെയും ആശ്രയിച്ചുകൊണ്ട്ഗാന്ധിയൻ സങ്കൽപ്പത്തിലുള്ള ഒരു സമൂഹസൃഷ്ടിക്കായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏതുവരെ മുന്നോട്ടു കൊണ്ടു പോകാനാവും?**

ആധുനിക ചിന്തകന്മാരൊക്കെതന്നെ ഭരണകൂടത്തിന്റെ നിരർത്ഥകതയെ ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചിട്ടുണ്ട്. കേന്ദ്രീകൃത വ്യാവസായിക നാഗരികതയും അതിന്റെ ഉപോല്പ്പന്നവുമായ വിപണി–സമ്പദ്ഘടനയുടെയും സ്വാധീനവുമാണ് ഇന്ന് എല്ലാ ഗവൺമെന്റുകളുടെയും മുഖമുദ്ര. അതുകൊണ്ടുതന്നെ, അതിനെ പൂർണ്ണമായും നിരാകരിക്കുന്ന, ഇല്ലാതാക്കാൻ ശ്രമിക്കുന്ന ഒരു സംവിധാനത്തെ പ്രോത്സാഹിപ്പിക്കുവാൻ ഭരണകൂടങ്ങൾക്കാവില്ല. എങ്കിലും, ജനാധിപത്യ വ്യവസ്ഥിതിയെ കൂടുതൽകൂടുതൽ ശക്തിപ്രാപിപ്പിച്ചുകൊണ്ട് ഒപ്പം അതിജീവനത്തിന്റെ പുതിയ ബദലുകൾ അവതരിപ്പിച്ചുകൊണ്ടും മുന്നോട്ടുപോകാനേ കഴിയൂ. ജനങ്ങളാണ് യഥാർത്ഥ അധികാരികളെന്നും ജനങ്ങൾ നിരാകരിക്കുന്ന ഒന്നും തന്നെ അവശേഷിക്കുകയില്ല എന്നുള്ള ഇന്നലെകളിലെ അറിവുകളിൽ നിന്നും ആർജ്ജവം ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കാനേ കഴിയൂ.

## അനാശാസ്യപ്രവണതകൾ

ഇന്ത്യയിലെ രാഷ്ട്രീയകക്ഷികളെ ബാധിച്ച അതേരോഗം സർവ്വോദയപ്രസ്ഥാനത്തെയും വർദ്ധിതമായ തോതിൽ ബാധിച്ചിരിക്കുന്നു എന്ന് ചൂണ്ടിക്കാണിക്കാൻ അതിനുള്ള അർഹത വേണ്ടത്ര ഇല്ലെങ്കിൽക്കൂടി ഞാൻ മുതിരുകയാണിവിടെ. അനാശാസ്യപ്രവണതകൾ രാഷ്ട്രീയ പാർട്ടികളിൽ പ്രകടമാണ്. ഇന്ന് ഒരു പക്ഷെ അതിരൂക്ഷമായ തോതിൽ സർവ്വോദയക്കാരിലും ഇതേ പ്രവണത പ്രത്യക്ഷമായിക്കാണാം. സർവ്വോദയക്കാർക്കിടയിൽ, പ്രത്യേകിച്ചും നേതൃത്വതലത്തിലുള്ള പ്രവർത്തകർക്കിടയിൽ കണ്ടുവരുന്ന വ്യക്തിപരമായ ഭിന്നതകൾ എന്നെ കുറച്ചല്ല വേദനിപ്പിക്കുന്നത്. എന്റെ ഈ ദുഃഖവും വേദനയും അവരിൽ പലരോടും തുറന്ന് പറഞ്ഞിട്ടും കാര്യമായ പ്രതികരണങ്ങളൊന്നുമുണ്ടായിട്ടില്ല.

*– കെ.പി. മാധവൻനായർ അദ്ദേഹത്തിന്റെ നവതിപ്രണാമ ഗ്രന്ഥത്തിൽ എഴുതിയ 'എല്ലാം നന്മയ്ക്ക് വേണ്ടി' എന്ന തലക്കെട്ടിലുള്ള ലേഖനത്തിൽ നിന്ന്. 1995ൽ പ്രസിദ്ധീകരിച്ചത്.*

**കേരളീയ സമൂഹം ഒരു വശത്ത് ഉപഭോഗപരതയുടെ പെരുവഴിയിലേയ്ക്ക് അതിവേഗം, പാഞ്ഞുക്കൊണ്ടിരിക്കുന്നു. മറുവശത്ത് ഗാന്ധിയൻ ദിശയിലുള്ള ഒട്ടനവധി നീക്കങ്ങൾ മുളപ്പൊട്ടി വരുന്നു. ഈ യാഥാർത്ഥ്യങ്ങൾ ശരിയായ അർത്ഥത്തിൽ വിലയിരുത്തി പ്രവർത്തന തന്ത്രങ്ങൾആവഷ്കരിക്കാൻ ഗാന്ധിയൻ പ്രസ്ഥാനത്തിന് ഏങ്ങനെയാണ് കഴിയുക?**

കേന്ദ്രീകൃത – വ്യാവസായിക – നാഗരികത ഇന്നത്തേതുപോലുള്ള ആധുനിക സമൂഹത്തിൽ, മനുഷ്യനിൽ വളർത്തിയെടുത്ത ആർത്തിയുടെ ആസുരഭാവം അനുഭവങ്ങളിലൂടെ തിരിച്ചറിഞ്ഞുകൊണ്ടിരിക്കുന്ന ലോകമെമ്പാടുമുള്ള മനുഷ്യർ ഇന്ന് ഒരു പുതിയ ബദൽ അന്വേഷിക്കുകയാണ്. ഈ അന്വേഷണങ്ങൾക്ക് ആന്തരീകമായി ഊർജ്ജം പകരാൻ കഴിയുന്നത് ഗാന്ധിയുടെ ദർശനങ്ങൾക്കാണ്. ഈ ദിശയിൽ ലോകത്തെമ്പാടും നടക്കുന്ന പ്രവർത്തനങ്ങളെ സ്വാംശീകരിക്കുവാൻ അവയിൽ ഉൾച്ചേർന്നിരിക്കുന്ന ഗാന്ധിപൈതൃകങ്ങളെ തിരിച്ചറിയുവാൻ ആവശ്യമായ കഴിവ് നേടിയെടുക്കുവാൻ, ഗാന്ധിയൻ പാഠങ്ങളുടെ പുനർപാരായണം ചെയ്തുകൊണ്ട് സ്വയം നവീകരണപ്രക്രിയയിലൂടെ കടന്നുപോവേണ്ടതുണ്ട്. ഇത്തരം ഒരു മാറ്റത്തിന് ഗാന്ധിയൻ സംഘടനകൾക്കും സംഘടനാ നേതൃത്വങ്ങൾക്കും കഴിഞ്ഞെങ്കിൽ മാത്രമേ ഉപഭോഗപരതയുടെ പെരുവഴിയിലേയ്ക്ക് അതിവേഗം പാഞ്ഞുകൊണ്ടിരിക്കുന്ന കേരളീയ സമൂഹത്തിൽ ഒരു ഗാന്ധിയൻ ബദൽ അവതരിപ്പിക്കാനാവൂ.